# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5557 02/07/2014-ൽ മറുപടിക്ക്

## എല്ലാ ജില്ലകളിലും കാൻസർ ചികിത്സാ കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>" റ്റി. എൻ. പ്രതാപൻ<br>" സി. പി. മുഹമ്മദ്<br>" വർക്കല കഹാർ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | എല്ലാ ജില്ലകളിലും കാൻസർ ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ; | (എ) | കേരള ആരോഗ്യ വകുപ്പ് 2012-13 സാമ്പത്തിക വർഷം മുതൽ കാൻസർ കെയർ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് 14 ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിൽ കാൻസർ ചികിത്സാ സൗകര്യം സജ്ജമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ഇതിനോടകം 12 ജില്ലകളിൽ ഈ സൗകര്യം ഒരുക്കുകയും ഡോക്ടർമാരെയും നഴ്സുമാരെയും ആർ.സി.സി.കളിൽ പരിശീലനം നൽകി വിന്യസിക്കുകയുമുണ്ടായി. |
| (ബി) | ആയതിനായി ആശുപത്രികളെ തെരഞ്ഞെടുക്കുന്നത് എങ്ങനെയാണ് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (ബി) | ജില്ലയിലെ ഒരു പ്രധാന ആശുപത്രി എന്ന രീതിയിൽ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ നിർദ്ദേശ പ്രകാരമാണ് ആശുപത്രികൾ തിരഞ്ഞെടുത്തത്. 10 ജില്ലകളിൽ ജില്ലാ / ജനറൽ ആശുപത്രികളിലും പുനലൂർ താലൂക്ക് ആശുപത്രിയിലും നല്ലൂർനാട് ട്രൈബൽ ആശുപത്രിയിലുമാണ് ഈ സൗകര്യം ഒരുക്കിയിരിക്കുന്നത്. |
| (സി) | എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത ആശുപത്രികളിൽ സജ്ജീകരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (സി) | കീമോതെറാപ്പി നൽകുന്നതിനുള്ള അടിസ്ഥാന സൗകര്യം, അസൈറ്റിസ് ഫ്ലൂയിഡ് ടാപ്പിംഗ്, പ്ലേറ്റ്ലറ്റ് ഇൻഫ്യൂഷൻ, പാലിയേറ്റീവ് കീമോതെറാപ്പി എന്നിങ്ങനെയുള്ള സേവനങ്ങൾ നൽകുന്നതിന് അടിസ്ഥാന സൗകര്യവും ഉപകരണങ്ങളും സജ്ജമാക്കുകയുണ്ടായി. കൂടാതെ കിടത്തി ചികിത്സിക്കുന്നതിനുള്ള വാർഡുകളും സജ്ജീകരിച്ചു വരുന്നു. സ്ത്രീകളിലും, പുരുഷന്മാരിലും കണ്ടുവരുന്ന പ്രധാനപ്പെട്ട കാൻസറുകൾ നിർണ്ണയിക്കുന്നതിനുള്ള പരിശോധനാ സംവിധാനവും ഇവിടെ ലഭ്യമാണ്. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ? | (ഡി) | 2013, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ ജില്ലാ കാൻസർ കെയർ സെന്ററുകൾ ആരംഭിക്കുന്നതിന് ഫണ്ട് അനുവദിക്കുകയുണ്ടായി. ഇതിനു പുറമേ, ഈ സെന്ററുകളിൽ എത്തുന്ന രോഗികൾക്ക് മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി 280 ലക്ഷം രൂപയും വകയിരുത്തുകയുണ്ടായി. സെന്ററുകളുടെ പ്രവർത്തനത്തിന് ഓങ്കോളജിസ്റ്റുകളുടെ സേവനം ലഭ്യമല്ലാത്തതിനാൽ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജൻമാർക്ക് ആർ.സി.സി.യിൽ ട്രെയിനിംഗ് നൽകി വിന്യസിക്കുകയുണ്ടായി. ഇവരെ സഹായിക്കാനായി ഓരോ ജില്ലയിലും രണ്ട് സ്റ്റാഫ് നഴ്സുമാർക്ക് വിദഗ്ധ പരിശീലനം നൽകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ